## താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമം

(ഹാജർ: ജയ്സെൻ എൻ ഡി)

വിഷയം :- പഞ്ചായത്ത് വകുപ്പ് - കോവിഡ് 19 - പ്രതിരോധ പ്രവർത്തനം - റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും - മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ജീവനക്കാർക്ക് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

പരാമർശം :- 1) സർക്കാറിന്റെ സ.ഉ(കൈ)/55/2020/ത.സ്വ.ഭ.വ തിയ്യതി 20.30.2020.
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.03.2020 തിയ്യതിയിലെ സി3-367/2020 നമ്പർ ഉത്തരവ്.

---

നമ്പർ : ബി$_3$.23/2020 തിയ്യതി 24.03.2020

---

ലോകത്താകെയും പ്രത്യേകിച്ച് കേരളത്തിലും ഭീഷണി ഉയർത്തുന്ന കോവിഡ് 19 വ്യാപനം തടയുന്നതിനായി പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഈ വിഷയത്തിൽ തുടർന്നും നിർദ്ദേശങ്ങളും ഉത്തരവുകളും മേലധികാരികളിൽ നിന്ന് പ്രതീക്ഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരവും ഉത്തരവ് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലെയും വാർഡുതല പ്രവർത്തനങ്ങൾ സസൂക്ഷ്മം നടത്തുന്നതിനായി ഓരോ വാർഡിന്റെയും ചുമതല താഴെ പറയുന്ന പ്രകാരം ക്ലാർക്ക് / സീനിയർ ക്ലാർക്കുമാർക്ക് വിഭജിച്ച് നൽകുന്നു. ഇവരെ മോണിറ്റർ ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് / അക്കൌണ്ടന്റ് എന്നിവർക്ക് നിശ്ചിത വാർഡുകളുടെ ചുമതല നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. എല്ലാ ദിവസവും രാവിലെ 10.30-ന് വാർഡു തല സമിതികൾ യോഗം ചേരേണ്ടതും വാർഡിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പരിഹാരം കണ്ടെത്തുന്നതിനും പഞ്ചായത്തുതലത്തിൽ പരിഹരിക്കേണ്ടവ വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകുന്നതിനും ഇതിനാൽ ഉത്തരവ് നൽകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥൻ | വാർഡുകൾ |
|---|---|---|
| 1 | സുനിൽകുമാർ | 7, 8 |
| 2 | മഹേഷ് | 9, 10 |
| 3 | സുരേന്ദ്രൻ | 5, 6 |
| 4 | ജിഷാദലി | 3, 4 |
| 5 | ഫിറോസ് ബാബു | 1, 2 |
| 6 | മുഹ്സിൻ | 11, 12 |
| 7 | സുനിത | 18, 19 |
| 8 | അർജ്ജുൻ | 16, 17 |
| 9 | വേണുഗോപാലൻ | 13, 14, 15 |

**മേൽനോട്ടച്ചുമതല**

അസിസ്റ്റന്റ് സെക്രട്ടറി - 3, 4, 6, 7, 8, 9, 10 എന്നീ വാർഡുകൾ.

ജൂനിയർ സൂപ്രണ്ട് - 1, 2, 5, 11, 12, 18, 19 എന്നീ വാർഡുകൾ.

അക്കൌണ്ടന്റ് - 13, 14, 15, 16, 17 എന്നീ വാർഡുകൾ.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി
താമരശ്ശേരി ഗ്രാമപഞ്ചായത്ത്